# അസോസിയേഷൻ ഓഫ് കേരള ഗവൺമെന്റ് കോളേജ് ടീച്ചേഴ്സ് (എ.കെ.ജി.സി.ടി.)
# സംസ്ഥാന പ്രവർത്തകസമിതിയോഗം SWC 12/2025
# 27.11.2025 (ഓൺലൈൻ)

## മിനിട്സ്

**അജണ്ട**

1. സ്വാഗതം
2. അനുശോചനം
3. ജനറൽ സെക്രട്ടറി റിപ്പോർട്ട്
4. സംസ്ഥാന സമ്മേളനം
5. മറ്റ് ആവശ്യമായ കാര്യങ്ങൾ

**ഹാജർ**

ഡോ. എൻ. മനോജ്, ഡോ. മുഹമ്മദ് റഫീഖ് ടി., ഡോ. മഞ്ജുള കെ. വി., ഡോ. വിനു ഭാസ്കർ, ഡോ. പ്രിൻസ് പി. ആർ., ഡോ. എം. എസ്. മുരളി, രഘുദാസ് പി.വി., ശശി സി. ടി., ഡോ. ഗായത്രിദേവി ജി., ഡോ. ജയരാജ് ജെ., ഡോ. ശരത്ത് എസ്., ഡോ. വിനീത പി., ഡോ. രഞ്ജിത് മോഹൻ, സന്തോഷ് ടി. വർഗീസ്, ഡോ. റിജുലാൽ ജി., ഡോ. രജിത സി. ആർ., ഡോ. എസ്. സഞ്ജയ്, ഡോ. ദീപ എ. കെ., ഡോ. രമണി കെ. കെ., സോബിൻ വർഗ്ഗീസ് എം. വി., ഡോ. ഷാനവാസ് പി. എച്ച്., രാജു എം. സി., ഡോ. അജി പി.എൽ., ഡോ. വിഷ്ണു വി.എസ്., ഡോ. ആനന്ദ് ടി. എ., ഡോ. ദിനേശ് പി. കെ., ഡോ. മുഹമ്മദ് ബഷീർ ടി., ഡോ. എ. ബാലകൃഷ്ണൻ, ഡോ. സെനോ ജോസ്, സുശാന്ത് പി., സജിത്ത് കുമാർ പി., ഡോ. ചന്ദ്രമോഹൻ കെ.ടി., ഡോ. സുകുമാരൻ എം., ഡോ. മനോമോഹൻ ആന്റണി, ഡോ. സുനിൽരാജ് എൻ. വി., ഡോ. സജീവ് യു. എസ്., ഡോ. വിനീഷ്, ആൽബർട്ട് ആൻറണി ടി., ബ്രിജേഷ് എൻ. എസ്., ഡോ. ഹരിദാസൻ വി., ഡോ. സി. വി. ഷാജി, ഡോ. രാഹുൽ കെ., ഡോ. ആസിഫ് ഇക്ബാൽ കാക്കശ്ശേരി.

രാത്രി 7.30മണിക്ക് ഓൺലൈനായി ചേർന്ന സംസ്ഥാന പ്രവർത്തകസമിതി യോഗത്തിൽ സംസ്ഥാന പ്രസിഡന്റ് ഡോ.എൻ. മനോജ് അധ്യക്ഷത വഹിച്ചു. സംസ്ഥാന ട്രഷറർ ഡോ. മഞ്ജുള കെ.വി. അനുശോചന പ്രമേയം അവതരിപ്പിച്ചു.

**അനുശോചനം**

ബോളിവുഡ് ഇതിഹാസ താരം ധർമ്മേന്ദ്ര, ജോലി സമ്മർദ്ദം മൂലം മരണപ്പെട്ട ബി.എൽ.ഒമാർ എന്നിവരുടെ നിര്യാണത്തിൽ എ.കെ.ജി.സി.ടി സംസ്ഥാന പ്രവർത്തക സമിതി യോഗം അനുശോചനം രേഖപ്പെടുത്തുന്നു.

**ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ട്**

സുഹൃത്തുക്കളെ,

സംഘടനയുടെ സംസ്ഥാന സമ്മേളനം തീയ്യതി, സമ്മേളന സ്ഥലം, എന്നിവയിൽ ഇന്ന് തീരുമാനമെടുക്കണം. ഏപ്രിൽ മാസത്തിൽ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാൻ സാധ്യത ഉള്ളതിനാൽ മാർച്ച് ആദ്യവാരം സമ്മേളനം നടത്തുന്നതാണ് ഉചിതം. കഴിഞ്ഞ സംസ്ഥാന സമിതി യോഗത്തിനു ശേഷം കൊല്ലം ജില്ലാ സെക്രട്ടറി, സംസ്ഥാന വൈസ് പ്രസിഡന്റ് ഡോ.വിനു ഭാസ്കർ, സംസ്ഥാന

ജനറൽ സെക്രട്ടറി, മേഖലയിലെ പ്രവർത്തക സമിതി അംഗങ്ങൾ എന്നിവർ കൊല്ലത്ത് മാർച്ച് ആദ്യവാരം സമ്മേളനം നടത്തുന്നതിന് ആവശ്യമായ വേദികൾ സംബന്ധിച്ച് നേരിട്ട് അന്വേഷണം നടത്തുകയുണ്ടായി. മുൻസിപ്പൽ ടൗൺഹാൾ മാർച്ച് 6ന് മാത്രമേ ലഭ്യമാവുകയുള്ളൂ. ഈ സാഹചര്യം ഉള്ളതിനാൽ രണ്ട് വേദികളിലായി സമ്മേളനം നടത്താനുള്ള സാധ്യതയും ഇന്ന് യോഗം ചർച്ച ചെയ്യണം. മാത്രവുമല്ല എല്ലാവിധ ചെലവുകളും വർദ്ധിക്കുന്ന സാഹചര്യത്തിൽ സമ്മേളന ഫണ്ട് ഇനത്തിൽ കാലാനുസൃതമായ വർദ്ധന വരുത്തുന്ന കാര്യവും യോഗം ചർച്ച ചെയ്യണം.

ജനറൽ സെക്രട്ടറിയുടെ റിപ്പോർട്ടിനെ തുടർന്ന് അജണ്ടകളിന്മേലുള്ള വിശദമായ ചർച്ചകൾക്ക് ശേഷം താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

**തീരുമാനങ്ങൾ**

1. സംഘടനയുടെ സംസ്ഥാന സമ്മേളനം 2026 മാർച്ച് 6, 7, 8 തീയ്യതികളിൽ കൊല്ലത്ത് (കൊല്ലം ടൗൺ ഹാൾ, കൊല്ലം ജില്ലാ പഞ്ചായത്ത് ജയൻ സ്മാരക ഹാൾ) ചേരുവാൻ തീരുമാനിച്ചു.
2. സംസ്ഥാന സമ്മേളനത്തിന്റെ ജനറൽ കൺവീനറായി കൊല്ലം ജില്ലാ സെക്രട്ടറി ഡോ.സുനിൽരാജിനെ തീരുമാനിച്ചു.
3. സംസ്ഥാന സമ്മേളന ഫണ്ടായി അംഗങ്ങളിൽ നിന്നും 2,000 രൂപാ സമാഹരിക്കുവാൻ തീരുമാനിച്ചു.
4. സംസ്ഥാന സമ്മേളനത്തിന്റെ നടപടിക്രമങ്ങൾ ചിട്ടപ്പെടുത്തുവാൻ പ്രസിഡന്റ്, ജനറൽ സെക്രട്ടറി, ട്രഷറർ എന്നിവരെ ചുമതലപ്പെടുത്തി.

യോഗം രാത്രി 9 മണിക്ക് അവസാനിച്ചു.

അഭിവാദ്യങ്ങളോടെ

തിരുവനന്തപുരം
27-11-2025

ഡോ. മുഹമ്മദ് റഫീഖ് ടി.
ജനറൽ സെക്രട്ടറി